(സി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം സംബന്ധിച്ച് 2004-ൽ ആണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു. ഇതിന്റെ വെളിച്ചത്തിൽ പരിഷ്കരിച്ച മാനദണ്ഡങ്ങളുടെ കരട് തയ്യാറാക്കുന്ന ജോലി ആരംഭിച്ചിട്ടുണ്ട്. നയപരമായ തീരുമാനമെടുക്കേണ്ട വിഷയമായതിനാൽ വിശദമായ പരിശോധനയും സർവ്വീസ് സംഘടനകളുമായുള്ള ചർച്ചകളും ആവശ്യമാണ്.

തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ

83 (87) ശ്രീ. കെ. ദാസൻ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1-5-2015-ാം തീയതിവരെ സെക്രട്ടേറിയറ്റിൽ തീർപ്പാകാതെ എത്ര ഫയലുകളുണ്ടെന്ന് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾ തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

സെക്രട്ടേറിയറ്റിൽ 1-5-2015-ാം തീയതിവരെ 1,22,668 ഫയലുകൾ തീർപ്പാകാതെയുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം

84 (88) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നുമുതലാണ് ;

(ബി) ടി ലിസ്റ്റിൽനിന്നും നിയമനം നടത്തി തുടങ്ങിയത് എപ്പോൾ മുതൽ എന്ന് വ്യക്തമാക്കുമോ :

(സി) ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്ക് നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന ഉദ്യോഗാർത്ഥികളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ അനുകൂല നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 29-6-2012 മുതൽ നിലവിൽ വന്നു.

(ബി)

തിരുവനന്തപുരം	30-11-2012
കൊല്ലം	15-10-2012
പത്തനംതിട്ട	15-9-2012
ആലപ്പുഴ	22-11-2012
കോട്ടയം	16-10-2012
ഇടുക്കി	8-10-2012
എറണാകുളം	15-10-2012
തൃശ്ശൂർ	16-11-2012
പാലക്കാട്	5-9-2012
മലപ്പുറം	27-8-2012
വയനാട്	7-9-2012
കോഴിക്കോട്	12-11-2012
കണ്ണൂർ	20-11-2012
കാസർഗോഡ്	24-8-2012

(സി) നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 2015 ജൂലൈ മാസം വരെയുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. 31-3-2015-ൽ നിലവിലുള്ളതും 29-9-2015 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി സർക്കാർ ശിപാർശ പ്രകാരം പി.എസ്.സി. ചില വ്യവസ്ഥകൾക്ക് വിധേയമായി 30-9-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly